## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5328** **15.11.2019 ൽമറുപടിയ്ക്ക്**

### ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2019 ജൂൺ 29,30 തിയ്യതികളിൽ കൊച്ചിയിൽ വെച്ച് "EVOLVE" എന്ന പേരിൽ ഒരു എക്സ്പോ സംഘടിപ്പിക്കുകയും ഇന്ത്യക്കകത്തും പുറത്തുമുള്ള അനേകം കമ്പനികൾ പ്രസ്തുത എക്സ്പോയിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ഇതിൽ പങ്കെടുത്ത കമ്പനികളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി യോഗം ചേർന്ന് സംസ്ഥാനത്ത് വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു.<br>ഇലക്ട്രിക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്ക ന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം വാഹന വിലയുടെ 25% അല്ലെങ്കിൽ 30,000/- രൂപ എതാണോ കുറവ്, ആ തുക സബ്സിഡിയായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>ഇലക്ട്രിക് ടൂ വീലറുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെന്റ് എ ബൈക്ക് ലൈസൻസുകൾ അനുവദിക്കുന്നത് ഇലക്ട്രിക് വാഹനങ്ങൾക്ക് മാത്രമാ യി പരിമിതപ്പെടുത്തിയിട്ടുണ്ട്.<br>കെഎസ്ആർടിസി 10 ഇലക്ട്രിക് ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസുകൾ നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ FAME II പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിട്ടുമുണ്ട്. |
| (ബി) | നിലവിൽ പുറത്തിറങ്ങുന്ന ഇലക്ട്രിക് വാഹനങ്ങളുടെ വില സാധാരണക്കാരന് താങ്ങാവുന്നതിലും അപ്പുറമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ഇലക്ട്രിക് ഓട്ടോറിക്ഷകൾ സാധാരണക്കാരായ ഡ്രൈവർമാർക്ക് വാങ്ങി ഓടിക്കാവുന്നതാണ്. ആയതിന് സബ്സിഡി നൽകുന്നുണ്ട്. വില കൂടുതൽ ആയതുകൊണ്ടല്ല സബ്സിഡി നൽകുന്നത്. ഇ-ഓട്ടോറിക്ഷകൾ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി |
| (സി) | എങ്കിൽ അത് പരിഹരിക്കുന്നതിനായി സബ്സിഡി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു | | |

| | | | |
|---|---|---|---|
| | ണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | | വാഹനവിലയുടെ 25% അല്ലെങ്കിൽ 30,000/- രൂപ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നികുതിയിളവ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാരിന്റെ ഇലക്ട്രിക് വാഹന നയം എന്താണെന്ന് വിശദമാക്കുമോ? | (ഡി) | കാർബൺ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും അതിലൂടെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ വൈദ്യുത വാഹന നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിലൂടെ ലക്ഷ്യം വെക്കുന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്;<br>➢ 2022 ഓട്ടു കൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുക<br>➢ 2020 ഓട്ടു കൂടി വൈദ്യുതി ഇന്ധനമായ 2 ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 മുച്ചക്ര വാഹനങ്ങൾ, 1000 ചരക്ക് വാഹനങ്ങൾ, 3000 ബസുകൾ, 100 ബോട്ടുകൾ എന്നിവ നിരത്തിലിറക്കുക<br>➢ വൈദ്യുത വാഹനങ്ങളുടെ ബാറ്ററി, മോട്ടോർ തുടങ്ങിയ യന്ത്രഭാഗങ്ങൾ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.<br>➢ ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് തന്നെ വൈദ്യുത വാഹനങ്ങൾ നിർമ്മിക്കുക<br>➢ വൈദ്യുത വാഹന നിർമ്മാണത്തിൽ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക |

**സെക്ഷൻ ഓഫീസർ**